LIBRARY ARCHIVES Kerala Legislative Assembly

കർഷക കടാശ്വാസ കമ്മീഷൻ

118 (1522) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ പരിഗണനയിൽ തീർപ്പു കല്പിക്കാനായി നിലവിലുള്ള അപേക്ഷകൾ എത്രയെന്ന വ്യക്തമാക്കാമോ ;

(ബി) 2011 മേയ് മാസം മുതൽ 2015 ഫെബ്രുവരി വരെ എന്ത് തുക കടാശ്വാസമായി അവാർഡ് പാസാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കാലയളവിൽ കൊടുത്തുതീർത്ത തുക എത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 46966 അപേക്ഷകൾ കർഷക കടാശ്വാസ കമ്മീഷന്റെ പരിഗണനയിൽ തീർപ്പു കല്പിക്കാനായി നിലവിലുണ്ട്.

(ബി) 2011 മേയ് മാസം മുതൽ 2015 ഫെബ്രുവരി വരെ 89,94,20,077 രൂപ കടാശ്വാസമായി അവാർഡ് പാസ്സാക്കിയിട്ടുണ്ട്.

(സി) പരിശോധനയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 72,98,21,431 രൂപ പ്രസ്തുത കാലയളവിൽ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ മുഖേന അനുവദിച്ച് നൽകിയിട്ടുണ്ട്.

കർഷക ക്ഷേമ പെൻഷൻ

119 (1523) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക ക്ഷേമ പെൻഷന്റെ പരിധിയിൽ സംസ്ഥാനത്ത് എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത് ; 600 രൂപയാക്കി ഉയർത്തിയതിനുശേഷം എത്ര തുക പെൻഷനായി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; പെൻഷൻ കുടിശ്ശിക നിലവിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

നിലവിൽ 330599 പേരാണ് ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. 600 രൂപയാക്കി ഉയർത്തിയതിന് ശേഷം 107.22 കോടി രൂപ പെൻഷനായി വിതരണം ചെയ്തിട്ടുണ്ട്. വിവിധ ജില്ലകളിൽ നാളിതുവരെ 210.53 കോടി രൂപ വിവിധ കാലയളവുകളിലായി പെൻഷൻ കുടിശ്ശിക നിലവിലുണ്ട്. ഉപധനാഭ്യർത്ഥന പ്രകാരം തുക അനുവദിക്കുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.